റാവുസാഹിബ്ബ് കെ. അയ്യപ്പൻ : മിസ്സിസ്സ് കുട്ടൻനായരെ തൃശ്ശിവപേരൂർ നിയമിക്കാതെ തൃശ്ശിവപേരൂർനിന്നും വളരെ അകലെ നിയമിക്കുന്നതായിട്ട് കാണുന്നതും ഇക്കാര്യവുമായി വല്ല ബന്ധവുമുണ്ടോ ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ : അതു് ഇപ്പോഴത്തെ കാര്യമല്ല. വളരെ പഴയ കാര്യമാണു്. അതുമിതുമായിട്ട് യാതൊരു ബന്ധവുമില്ല.

മിസ്റ്റർ പി. ടി. ജേക്കബ് : തൃശ്ശിവപേരൂക്ക് മാറ്റം ആവശ്യപ്പെട്ടാൽ കൊടുക്കുമോ ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ : നിവൃത്തിയുള്ളേടത്തോളം മാറ്റം ആവശ്യപ്പെട്ടാൽ അതാതു നാട്ടുകാക്കു് അതാതു നാട്ടിൽതന്നെ കൊടുത്തുവരുന്നുണ്ടു്. ആവശ്യപ്പെട്ടാലും തരമുണ്ടെങ്കിൽ മാത്രമേ കൊടുക്കാൻ നിവൃത്തിയുള്ളൂ.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ . മിസ്സിസ്സ് കുട്ടൻനായരെ തൃശ്ശിവപേരൂർ നിന്നും മാറ്റുവാൻ കാരണമുണ്ടായിരുന്നുവൊ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ : ഉണ്ടായിരുന്നു.

**Mr. K. T. Achuthan** *(Ezhuvas-Mukundapuram)* : Is she not one of the best teachers in service?

**Mr. P. Sankaran Nambiar** *(Director of Public Instruction)* : I have not yet come across any adverse report about her as a teacher.

മിസ്റ്റർ പി. കെ. ഡീവർ : ആ പണീഷ്മെൻറ് ചെയ്യാൻ കാരണമുണ്ടെന്നു പറഞ്ഞതെന്താണു് ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ : അതു് വേറെ കാര്യമാണു്. അതു് ഇതിൽ പെടുകയില്ല.

മിസ്റ്റർ പി. കെ. ഡീവർ : വാർണിങ്ങ് പണീഷ്മെൻറാകയില്ലേ ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ : വളരെ ലഘുവായ പണീഷ്മെൻറാണു്.

മിസ്റ്റർ പി. ടി. ജേക്കബ്ബ് : ലഘുവായ പണീഷ്മെൻറാണെങ്കിലും അതു ശരിയായ കാരണത്തിന്നല്ലെങ്കിൽ അതു നീക്കാൻ ശ്രമിക്കേണ്ടതു ഗവൺമെണ്ടിൻെറ ചുമതലയല്ലെ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ. അവക്കു് ഈ വാർണിങ്ങ് ഒരു അലങ്കാരമല്ലെന്നു് പറയുകയാണെങ്കിൽ, അവർ അതിനെക്കുറിച്ചു് അപേക്ഷ ബോധിപ്പിക്കട്ടെ.

മിസ്റ്റർ പി. ടി. ജേക്കബ് : വാർണിങ്ങ് ഒരു ലഘുവായ ശിക്ഷയാണെങ്കിൽ അതു് ഒരലങ്കാരമായിതീരുമോ ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ : ഒരുകാലത്തു ദൂഷണമായിരുന്നതു് മറെറാരുകാലത്തു ഭൂഷണമായി പരിണമിച്ചേക്കാമെന്നു മുമ്പു പറഞ്ഞിട്ടില്ലെ ?

മിസ്റ്റർ പി. ടി. ജേക്കബ് : ഇതു് അതുപോലെയാണോ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ : ഇതു് അതുപോലെയാണോ അല്ലയോ എന്നുള്ളതു ഞാൻ തെളിയിക്കട്ടെ.

മിസ്റ്റർ എം. കെ. രാജ : ഗവൺമെണ്ടിന്നു് അത്രോചകമായ രാഷ്ട്രീയാഭിപ്രായങ്ങൾ ഉള്ള ആരെങ്കിലും പ്രസംഗിക്കാനിടയായ ഒരു യോഗത്തിൽ ഹാജരാകാൻ യദൃച്ഛയാ ഇടയാവുന്ന ഒരു ഗവൺമെണ്ടുദ്യോഗസ്ഥൻ ഏ-ാം സ്റ്റാൻറിങ്ങ് ആർഡറിൽനിന്നു രക്ഷപ്പെടാൻ എന്തു നടപടിയാണെടുക്കേണ്ടതു് ?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ : ഉടനെ ഇറങ്ങിപ്പോരണം.

## BEE-HIVES—SUPPLY OF

**103.** മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറീയ്ത് : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു് മറുപടി പറയുമോ.—

(എ) തൃശ്ശിവപേരൂർ താലൂക്കു് Bee-Organiser-ുടെ അധീനത്തിൽ എത്ര തേനീച്ച കൂടുകൾ കൊടുത്തിട്ടുണ്ടു് ;

(ബി) തേനീച്ച കൂടുകളുടെ വിതരണസമ്പ്രദായത്തിൽ പല അനീതികളും അദ്ദേഹം ചെയ്യുന്നുണ്ടെന്നു് ഗവൺമെണ്ടിനു് എപ്പോഴെങ്കിലും അഭിപ്രായങ്ങൾ കിട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത ഓർഗനൈസർ തേനീച്ച വളർത്തലിനുവേണ്ടി ഫീസ് കെട്ടി ശിക്ഷണം ബോധിപ്പിച്ച ഹർജിയുടെ പകർപ്പു മേശപ്പുറത്തു വെക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ :

(എ) ശ്രദ്ധിച്ചു.

(ബി) ഉണ്ട്. അതു് അന്വേഷണത്തിലിരിക്കയാണു്.

(സി) ഒരു പകർപ്പു് അനുബന്ധമായി ചേക്കുന്നു. (II-ാം അനുബന്ധം നോക്കുക).

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറീയ്ത്ത്: ശ്രദ്ധിച്ചു തേനീച്ചക്കൂടിന്റെ ഉപയോഗത്തിനു ശക്കര ആവശ്യപ്പെട്ടതിനു് പകരം ൨,൦൦൦ തേനീച്ചക്കൂടുകളിൽ തീറ്റകൊടുക്കാനെന്നാണു് ഹർജ്ജിയിൽ പറഞ്ഞിട്ടുള്ളതു്. അപ്പോൾ ഈ ബീ ഓർഗനൈസരുടെ മേൽനോട്ടത്തിൽ വേറെയും തേനീച്ചക്കൂടുകളുണ്ടോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ഇപ്പോൾ അതിനെപറ്റി തീർച്ചപറയുവാൻ നിവൃത്തിയില്ല. I want notice.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറീയ്ത്ത്: ഈ ശക്കര പ്രൈവറ്റ് ആവശ്യത്തിനുപയോഗിച്ചതായി വല്ല ആക്ഷേപവും കിട്ടീട്ടുണ്ടോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: അതിനു് തനിച്ചു് ഒരാക്ഷേപം കിട്ടിയതായി ഓർക്കുന്നില്ല.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: ശക്കര കൊടുത്തുവോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: കൊടുത്തിട്ടില്ല.

മിസ്റ്റർ പി. കെ. ഡീവർ: ശക്കരയാണോ തേനീച്ചയുടെ ആഹാരം?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ശക്കരയും കൊടുക്കുന്നുണ്ടു്.

മിസ്റ്റർ കെ. എസ്സു് പണിക്കർ: ഈ ആളെ ബീ ഓർഗനൈസറായി നിയമിക്കുന്നതിനു മുമ്പു് എത്ര കൂടു് അവിടെ ഉണ്ടായിരുന്നു?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: നോട്ടീസ്സു് വേണം.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ഈ ആളെ നിയമിച്ചതിനുശേഷം എത്രവിതരണം ചെയ്തിട്ടുണ്ടു്.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ശ്രദ്ധിച്ചു വിതരണം ചെയ്തിട്ടുള്ളതാണു്.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: പറന്നു് നടക്കുന്ന തേനീച്ച ശക്കരകൂടാതെ ജീവിക്കുകയില്ലേ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: പൂക്കൾ ധാരാളമായില്ലാത്തപ്പോൾ ശക്കരയാണു് കൊടുക്കുക.

മിസ്റ്റർ പി. കെ. ഡീവർ: ശക്കര കൂടാതെ തേനീച്ച വളർത്തൽ സാദ്ധ്യമല്ലേ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: പൂക്കളില്ലാത്തകാലത്തു് അതിനു് ശക്കരകൊടുക്കണമെന്നാണു് വിദഗ്ദ്ധന്മാർ പറയുന്നതു്.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറീയ്ത്ത്: ഈ രണ്ടായിരം കൂടുകൾക്കു് തീറ്റകൊടുക്കാനാണെന്നു് പറഞ്ഞു അപേക്ഷ അയച്ചതിനെ പറ്റി ഡയറക്ടർ ഓഫ് ഇൻഡസ്ട്രിസ് എന്താണു് നടപടി എടുക്കാത്തതു്?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ആ കാര്യം അന്വേഷണത്തിലിരിക്കുകയാണു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: തേനീച്ചകൾക്കു് എന്തൊക്കെയാണു് തീറ്റ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: നോട്ടീസ്സുവേണം.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ശക്കര കൊടുത്താലൊ പഞ്ചസാര കൊടുത്താലൊ തേൻ അധികം കിട്ടുക?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: നിശ്ചയമില്ല. I want notice.

ചൌധരി ജി. എസ്സു്. ധാരാസിങ്ങ്: ഈ തേനീച്ചകൾക്കു് ശക്കര തീറ്റകൊടുക്കുന്നതു കൊണ്ടായിരിക്കുമോ, തേൻ മേടിക്കുമ്പോൾ ശക്കരവെള്ളംപോലെ ഇരിക്കുന്നതു്? (ചിരി)

**Mr. K. Balakrishna Menon** *(Minister for Development)*: I can only say that the Hon'ble Member has not practically tasted it himself; if he had done he would not have said so. I myself have inspected the whole thing. The stuff is excellent.

ചൌധരി ജി. എസ്സു്. ധാരാസിങ്ങ്: അതു് അഭിപ്രായ വ്യത്യാസമുള്ള കാര്യമാണു്. (ചിരി)

LIBRARY ARCHIVES Kerala Legislative Assembly

**Mr. V. K. Aravindaksha Menon** *(Chief Engineer)* : We have no ambulance van but we have two lorries. Anybody wishing to go back can make use of it. The word ambulance has not been wirtten on it but two lorries are always at their disposal at Vazhachal which are available for any sick person to be taken. I know that as a matter of fact.

**Mr.President :** I have already said that strictly speaking, this motion is out of order. But I did not want to deprive Hon'ble Members of hearing the Chief Engineer's statement. I am sorry I cannot allow any further discussion until we come to the Public Works Budget.

*Demand put and carried*

*The House rose for the day at 5 p.m.*

N. S. RADHAKRISHNA SARMA

*Secretary to the Council*

## APPENDIX I

*(See answer to Question No. 97)*

**List**

| | |
|---|---|
| **COCHIN KANAYANNUR** | |
| G. I. S., Veliyanad | 25 |
| G. I. S., Maradu | 21 |
| G. I. S., Narakkal | 73 |
| G. I. S., Cherai | 37 |
| G. I. S., Kanjur | 26 |
| Coir School, Kumbalanghi | 5 |
| **MUKUNDAPURAM TALUK** | |
| G. I. S., Irinjalakkuda | 92 |
| G. I. S., Parappukara | 27 |
| G. I. S., Varandarapilly | 31 |
| **TRICHUR TALUK** | |
| G. I. S., Ollur | 15 |
| G. I. S., Triprayar | 38 |
| G. I. S., Anthikad | 53 |
| G. I. S., Puthur | 23 |
| Industrial Centre | 29 |
| **TALAPALLI TALUK** | |
| G. I. S., Wadakkancheri | 40 |
| G. I. S., Puduruthy | 29 |
| G. I. S., Chelakkara | 6 |
| **CHITTUR TALUK** | |
| G. I. S., Nemmara | 17 |
| **CRANGANUR TALUK** | |
| G. I. S.,Cranganur | 45 |

## APPENDIX II

*(See answer to Question No. 103)*

ഇൻഡസ്ട്രിയൽ ഡയറക്ടർ അവർകളുടെ മുമ്പാകെ ബീ ഓർഗനൈസർ കെ. ഐ. ബാലകൃഷ്ണൻ ബോധിപ്പിക്കുന്ന അപേക്ഷ. ഈ വരുന്ന വൃശ്ചികാലത്തു ഈ താലൂക്കിലുള്ള ൨,൦൦൦ തേനീച്ച കൂടുകൾക്കു തീറ്റ കൊടുക്കേണ്ട ആവശ്യത്തിലേക്കു സൈ്വ ഡിപ്പാർട്ട്മെണ്ടിൽനിന്നു ൧൫ കെട്ട് ശർക്കര അനുവദിച്ചുതന്നു ഉത്തരവുണ്ടാകുവാൻ അപേക്ഷ.

———

LIBRARY ARCHIVES Kerala Legislative Assembly